


# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## എസ്.സി.വി.യു.പി. സ്കൂൾ

മൈനാഗപ്പള്ളി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# PROFILE

| | | |
|---|---|---|
| Name of School | : | SCVUPS, Mynagappally |
| Sub District | : | Chavara |
| District | : | Kollam |
| Block | : | Sasthamcottah |
| Panchayath | : | Mynagappally |
| Name of AEO with Phone number | : | Atnitha. T.K |
| School Code | : | 41348 |
| Year of Starting | : | 1921 |

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ ചരിത്രം
3. പൊതുലക്ഷ്യങ്ങൾ
4. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്
5. പദ്ധതിരൂപീകരണപ്രക്രിയ
6. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിതനേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ് എസ്.സി.വി.യു.പി.എസ് മൈനാഗപ്പള്ളി. അക്കാഡമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ അക്കാഡമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കുക, പുതിയ വെല്ലുവിളി കൾ ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പ്രാപ്തരാക്കുക, കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി പഠനാന്തരീക്ഷം ഒരുക്കുന്നതിനായി ആധുനികസാങ്കേതിക സാധ്യതകൾ പ്രയോ ജനപ്പെടുത്തുക, നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മാവിദ്യാഭ്യാസത്തിന് മുതൽകൂ ട്ടാക്കുക, സർക്കാർ, വിവിധ ഏജൻസികൾ എന്നിവർ മുന്നോട്ടുവയ്ക്കുന്ന പിൻതുണാസംവിധാനത്തെ പ്രായോഗികതലത്തിലേക്ക് കൊണ്ടുവരിക എന്നിവയ്ക്കാണ് ഈ മാസ്റ്റർ പ്ലാനിൽ ഊന്നൽ കൊടുത്തി രിക്കുന്നത്.

ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവന ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അതിനായി കൃത്യമായ ഒരു അക്കാദമിക ആസൂത്രണം ആവശ്യമാണ്. ഈ അക്കാഡമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമെ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടേയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാഡമിക വളർച്ചയ്ക്ക് ഉതകും വിധമാണ് ഈ മാസ്റ്റർപ്ലാസിന്റെ ആസൂത്രണം.

# വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ പ്രകൃതിരമണീയമായ തെക്കൻമൈനാഗപ്പള്ളി ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1921 ൽ ശ്രീചിത്തിരതിരുനാളിന്റെ ഭരണകാലത്താണ് ഈ സ്കൂൾ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് രാജാവിന്റെ നാമധേയത്തിൽ ഈ സ്കൂൾ അറിയപ്പെടുന്നത്. ഇത് സ്ഥാപിക്കുന്ന കാലത്ത് അടുത്ത പ്രദേശങ്ങളിൽ ഒന്നും തന്നെ ഒരു വിദ്യാലയവും ഉണ്ടായിരുന്നില്ല. സാമൂഹ്യഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന കാലത്ത് ഇവിടെ സ്കൂൾ സ്ഥാപിച്ചത് എന്നത് പ്രത്യേക പ്രാധാന്യമുള്ളതാണ്. കുന്നത്തൂർ, കരുനാഗപ്പള്ളി താലൂക്കുകളിൽ നിന്നും 1980 ന് മുമ്പ് പിരിഞ്ഞിട്ടുള്ള എല്ലാ അധ്യാപകരിം ഈ സ്കൂളിൽ നിന്നും പഠിച്ച് പോയിട്ടുള്ളവരാണ്. ആദ്യത്തെ പ്രീ.കെ.ഇ.ആർ സ്കൂൾ ആയ ഇവിടെ പഠിപ്പിക്കുന്നതിന് യോഗ്യരായ അധ്യാപരുടെ അഭാവം മൂലം വിദൂരസ്ഥലങ്ങളിൽ നിന്നും യോഗ്യരായവരെ തിരഞ്ഞ് പിടിച്ച് മാനേജരുടെ വീട്ടിൽ എല്ലാ ചിലവുകളും ശമ്പളവും നൽകിയാണ് ട്രെയിനിംഗ് സ്കൂൾ നടത്തിവന്നിരുന്നത്. എന്നാൽ 1943 ആയപ്പോഴേക്കും ട്രെയിനിംഗ് സ്കൂളിന്റെ പ്രവർത്തനം നിലച്ച് പോയിട്ടുള്ളതാണ്.

തൊടിയൂർ പഞ്ചായത്തിലെ കല്ലേലിഭാഗം മൈനാഗപ്പള്ളി പഞ്ചായത്തിലെ തെക്കൻമൈനാഗപ്പള്ളി , കടപ്പകിഴക്കേക്കര തുടങ്ങിയ പ്രദേശങ്ങളിലെ കശുവണ്ടി കർഷകതൊഴിലാളികളുടെയും പട്ടികജാതി പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുടെയും കുട്ടികളുടെ ആശ്രയമാണ് ഈ സരസ്വതീക്ഷേത്രം . ഈ സ്കൂളിന്റെ തെക്കുവശത്തുള്ള എസ്.സി.വി എൽ.പി.എസ് 1 കിലോമീറ്റർ വടക്ക് സ്ഥിതിചെയ്യുന്ന ഗവ. എൽപി.എസ്. ആണ് ഇതിന്റെ ഫീഡിംഗ് സ്കൂളുകൾ.

ഭൗതീക സാഹചര്യങ്ങളെ മെച്ചപ്പെടുത്തി വിദ്യാലയം ശിശുസൗഹൃദമാക്കി എന്നുള്ളത് എടുത്ത് പറയേണ്ട കാര്യമാണ്. വ്യക്തിത്വവികസനത്തിന് ഉതകുംവിധത്തിൽ കുട്ടികളിലുള്ള ശാരീരികവും മാന സികവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിൽ ഈ വിദ്യാലയം ശ്രദ്ധിക്കുന്നുണ്ട്. ഭൗതിക സാഹച ര്യങ്ങളെ ഇനിയും വർദ്ധിപ്പിച്ച് കുട്ടികൾക്ക് മാനസികോല്ലാസം പ്രധാനം ചെയ്യുന്ന വിധത്തിൽ അക്കാ ഡമിക പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്ന ഒരു പ്രവർത്തനശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. പാഠ്യപാ ഠ്യേതരപ്രവർത്തനങ്ങളിൽ ഈ വിദ്യാലയം മികച്ച നിലവാരമാണ് കാഴ്ച വയ്ക്കുന്നത്. സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ധാരാളം പേർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളായിട്ടുണ്ട്.

സമഗ്ര പച്ചക്കറിവികസനപദ്ധതിയിൽ കൊല്ലം ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ മികച്ച റെഡ്ക്രോസ് യൂണിറ്റിനുള്ള ഒന്നാംസ്ഥാനവും

കരസ്ഥമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനുവേണ്ടി സ്കൂൾബസ് സർവ്വീസ് നടത്തുന്നു. 2009 മുതൽ മലയാളം മീഡിയത്തിനോടൊപ്പം ഇംഗ്ലീഷ് മീഡിയവും മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ V,VI,VII ക്ലാസുകളിൽ 15 ഡിവിഷനുകളിലായി 462 കുട്ടികളാണ് ഇവിടെ ഉള്ളത്.

സ്കൂളിന്റെ വികസനപ്രവർത്തനങ്ങളിൽ മാനേജ്മെന്റ് , എസ്.എസ്.എ, പി.ടി.എ, എം.പി.എം.എൽ.എ എന്നിവർ വളരെയധികം സഹായിക്കുന്നുണ്ട്. 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന കാഴ്ചപ്പാടോടെ തന്നെ എല്ലാ അർത്ഥത്തിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

# പൊതുലക്ഷ്യങ്ങൾ

1. ഓരോ ക്ലാസിലും കുട്ടി അതാത് ക്ലാസുകളിൽ നേടേണ്ട ധാരണകളും ശേഷികളും നേടിയുട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാഡമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുക.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പാക്കുക.
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
5. എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യഅവസരങ്ങൾ സൃഷ്ടിക്കുക.
6. സ്വന്തം കഴിവുകളെ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
7. മികച്ച ശാരീരിക ആരോഗ്യം ഉറപ്പുവരുത്തുക.
8. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ കാര്യക്ഷമമാക്കുക.

9. വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയായി ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

10. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

11. സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകവുമായി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയപരിസരത്ത് ജൈവവൈവിധ്യഉദ്യാനം നിർമ്മിക്കുക.

12. പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും ആവശ്യമായ ധാരണകൾ കുട്ടികളിൽ വളർത്തിയെടുക്കുക.

13. ഭിന്നശേഷികാർക്ക് പ്രത്യേകപരിഗണനകൊടുക്കുക.

14. വായനാശീലം പരിപോഷിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറിയുടെ ശാക്തീകരണം.

15. പോഷക സംപുഷ്ടവും വൃത്തിയുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുക.

16. കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ജൈവപച്ചക്കറി തോട്ടത്തിന്റെ നിർമ്മാണം.

17. പ്ലാസ്റ്റിക് വിമുക്തവും കീടനാശിനിവിമുക്തവും ലഹരിവിമുക്തവുമായ വീടും വിദ്യാലയവും

# വിദ്യാലയ മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയം മികവിന്റെ കേന്ദ്രം ആക്കുക എന്നത് ഓരോ അധ്യാപകന്റെയും ധർമ്മമാണ്.

## വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ

എസ്.ആർ.ജി യോഗങ്ങൾ അക്കാദമിക പ്രശ്നപരിഹരണവേദിയും , ഓരോ കുട്ടിയുടെയും (ക്ലാസ് തിരിച്ച്) വ്യത്യസ്തമായ പഠനനിലവാരവും ചർച്ചചെയ്യുന്ന വേദിയാക്കുക. ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവ്വിന്റെ തെളിവുകളാൽ സമൃദ്ധമാക്കുക.

## ഐ.ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുക

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തിനേടുക. എ ല്ലാകുട്ടികളുടെയും ഐ.ടി നൈപുണി ഉള്ളവരാക്കി അവരുടെ സ്വയം പഠനശേഷി വികസിപ്പിക്കുക. എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഐ.ടി വിഭവശേഖരം ഉണ്ടാക്കുക.

## സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കുക

പ്രതിമാസ ക്ലാസ് പി.ടി.എ ചിട്ടപ്പെടുത്തുക, കോർണർ പി.ടി.എകൾ സംഘടിപ്പിക്കുക, ഓരോ കുട്ടിയുടെയും പഠന പുരോഗതിയ്ക്കായുള്ള ഇടപെടലുകൾ നടത്തുന്ന വിദ്യാലയവും അധ്യാപകരും എന്ന

ഖ്യാതി ലഭിക്കും വിധത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

## വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ പാഠപുസ്തകവുമായി വികസിപ്പിക്കാനുതകുന്ന ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

**കുട്ടിയുടെ സമഗ്രവികസനലക്ഷ്യത്തോടെ ഓരോ ക്ലാസ്സുകളിലും സന്തുലിതാനുഭവങ്ങൾ ഒരുക്കുക.**

**ആധുനിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ്സ് മുറികൾ :-**

പഠനത്തെ സംബന്ധിച്ച് വിദ്യാലയത്തിന്റെ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള ക്ലാസ്സ് റൂം രൂപകൽപ്പന.

**സവിശേഷ പ്രവർത്തനങ്ങൾക്ക് പ്രത്യേകമുറികൾ:-**

- ഗണിതം, ശാസ്ത്രം, സാമൂഹികശാസ്ത്രം, ഭാഷ എന്നിവയ്ക്ക് പ്രത്യേക ലാബുകൾ.
- കുട്ടികൾക്കുള്ള വിശ്രമമുറികൾ
- തുറന്ന പഠനസ്ഥലം
- സാംസ്ക്കാരിക-ചരിത്ര-ശാസ്ത്രഫോട്ടോഗ്യാലറി
- ചരിത്രമ്യൂസിയം

- ലൈബ്രറി
- അകത്തള കളികൾക്കുവേണ്ടിയുള്ള മുറികൾ

**കാർഷിക സംസ്കാരം വളർത്തിയെടുക്കുക:-**

ജൈവകൃഷിരീതികൾ കുട്ടികൾക്ക് ബോധ്യപ്പെടുംവിധമുള്ള ജൈവപച്ചക്കറികൃഷി, മധുരവനം, ഉദ്യാനം , ഔഷധസസ്യത്തോട്ടം, നക്ഷത്രവനം എന്നിവ സാധ്യമാക്കുക.

**പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന:-**

പിന്നോക്കം നിൽക്കുന്ന എല്ലാകുട്ടികൾക്കും പിൻതുണയും പ്രോത്സാഹനവും നൽകുക , മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ വകുപ്പുതല പിൻതുണാസംവിധാനങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തു. , സമാന്തരക്ലാസ്സുകൾ സംഘടിപ്പിക്കുക.

**പ്ലാസ്റ്റിക്, കീടനാശിനിമുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കുക:-**

പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിദ്യാലയത്തിൽ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക, ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.

**സർഗ്ഗപരമായ എല്ലാകഴിവുകളും വികസിപ്പിക്കുന്നതിനുള്ള സമഗ്രവിദ്യാഭ്യാസം**

ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗാപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.

# പദ്ധതിരൂപീകരണപ്രക്രിയ

വിദ്യാലയവികസനസമിതി , എസ്.ആർ.ജി, എം.പി.ടി.എ, എസ്.എം.സി, പി.ടി.എ, ജനപ്രതിനിധികൾ എന്നിവരുടെ സംയുക്തയോഗം കൂടി ചർച്ചചെയ്ത് ഗുണതാസൂചകങ്ങൾ ഉപയോഗിച്ച് വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് കരട് രൂപരേഖതയ്യാറാക്കി തുടർന്ന് യോഗത്തിൽ രൂപരേഖ വായിച്ച് അംഗീകരിച്ചു.

SRG യോഗത്തിൽ സമഗ്രവികസനകാഴ്ചപ്പാട് ചർച്ച

അധ്യാപക അനധ്യാപക യോഗത്തിൽ അക്കാദമിക വികസനരേഖ അവതരിപ്പിച്ച് മെച്ചപ്പെടുത്തുക.

അക്കാഡമികം, സാമൂഹികം, ഭൗതികം എന്നീ മേഖലകളിലെ പദ്ധതികൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്തുന്നു.

കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി വിദ്യാലയ വികസനകാഴ്ചപ്പാട് -പദ്ധതിരൂപീകരണശില്പശാല സംഘടിപ്പിക്കുന്നു. പ്രസ്തുത ശില്പശാലയിൽ എസ്.എസ്.ജി, പി..ടി.എ,എം.പി.ടി.എ , സാമൂഹിക രാഷ്ട്രീയ സന്നദ്ധസംഘടനാപ്രതിനിധികളെ പങ്കെടുപ്പിക്കുന്നു.

അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അന്തിമ രൂപരേഖ തയ്യാറാക്കുന്നു.

# അദ്ധ്യാപക-അനദ്ധ്യാപകരുടെ വിവരങ്ങൾ

| Sl.No. | Name of Teacher | Designation | Entry in Service | Qualification |
|---|---|---|---|---|
| 1. | S. Jayalekshmi | Headmistress | 23.06.2000 | Bsc Bed Sahithyacharya |
| 2. | B.S. Saiju | UPSA | 03.06.1996 | PDC, TTC |
| 3. | Muhammed Sajad | PT.Arabic | 01.06.2009 | Afsal Uluma Priliminary |
| 4. | Preethadevi.P | PT. Sanskrit | 01.06.2010 | Ba.Bed. Prak sasthri |
| 5. | Suneesh.M.R | UPST | 01.06.2010 | BA.Bed |
| 6. | ResmiRavi | UPST | 01.06.2010 | +2. TTC |
| 7. | Unnikrishnan.A | UPST | 02.06.2014 | B.com,TTC |
| 8. | JeejaChandra.V | UPST | 01.06.2015 | Msc.Bed |
| 9. | Shabana.s | UPST | 01.06.2015 | MA. Bed |
| 10. | Aparna Sugathan | UPST | 01.06.2015 | +2. TTC |
| 11. | Arathi.s | UPST | 01.06.2016 | +2. TTC |
| 12. | Ananthakrishnan | UPST | 01.06.2016 | +2. TTC |
| 13. | Remya Krishna | UPST | 02.06.2016 | Bsc.Bed |
| 14. | Remya Krishnan | Jr. Hindi | 01.08.2016 | Bsc Sahithyacharya |
| 15. | Chithra V.G | UPST | 15.07.2018 | Bsc.Bed |
| 16. | Sreelekshmi.R | UPST | 15.07.2018 | Bsc., TTC |
| 17. | Rubi. B | UPST | 15.08.2018 | +2. TTC |
| 18. | Vijayalekshmi.s | UPST | 15.07.2019 | Bsc.Bed |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ (സന്നദ്ധപ്രവർത്തനങ്ങൾ നൽകി മികവുകളും പരിമിതികളും കണ്ടെത്തുന്നു.) | ജൂൺ | മലയാളം അധ്യാപിക | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | | SRG | |
| | 3. അസംബ്ലി | | | |
| | 4. ഡയറിക്കുറിപ്പ് | | മലയാളം അധ്യാപിക | |
| | 5. ഒരു ദിവസം ഒരു ഭാഷപരിപാടി (എല്ലാക്ലാസിലും) | | SRG | |
| | 6. ജൈവവൈവിധ്യപാർക്കുമായി ബന്ധപ്പെടുത്തി കഥ ഊഹിച്ചുപറയൽ | ജൂലൈ | മലയാളം അധ്യാപിക | |
| | 7. മലയാളം ക്ലബ്ബുമായി ബന്ധപ്പെടുത്തി വായനാമത്സരം | | SRG | |

| | | | | |
|---|---|---|---|---|
| | 8. വായനാസാമഗ്രികൾ, ലഘുവായനാപുസ്തകം, പാത്രം, ക്ലാസ്സ്ലൈബ്രറി എന്നിവ വായനയ്ക്കായി നൽകൽ<br>9 വായനാകാർഡ് നൽകൽ<br>10. സ്വന്തമായി വായന<br>11. ചിത്ര നിഘണ്ടു<br>12. ചിത്ര നിഘണ്ടു നോക്കി വായിക്കൽ<br>13. ICT സാധ്യത പ്രയോജനപ്പെടുത്തൽ<br>14. BALA വർക്കുകൾ വായനസാമഗ്രികളാക്കുക<br>15. അർത്ഥപൂർണമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുന്നതിന്<br>16. ശ്രവ്യ വായനയിലൂടെ ഉച്ചാരണ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നു.<br>18. ചിഹ്നങ്ങളുടെ ഉച്ചാരണം മനസ്സിലാക്കുന്നത്.<br>19. ശ്രവ്യഉപാധികൾ ഉപയോഗപ്പെടുത്തുന്നു. (വായന, പ്രഭാഷണം എന്നിവ കേൾപ്പിക്കുന്നു)<br>20. മുൻകൂട്ടി പറയാതെയുള്ള പാഠപുസ്തകവായന<br>21. കഥവായിക്കൽ<br>22. ഡയറി, റിപ്പോർട്ട്, അറിയിപ്പ്, നോട്ടീസ് എന്നിവ ഉറക്കെ വായിക്കൽ<br>23. ഈണത്തിലും താളത്തിലും കവിത വായന<br>24. മലയാള വായനാമൂല മെച്ചപ്പെടുത്തുന്നു.<br>25. വായന പരിപോഷിപ്പിക്കുന്നതിനായി അമ്മ വായന, ആർക്കും വായിക്കാം എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ | മലയാളം അധ്യാപിക<br><br>SRG<br><br>മലയാളം അധ്യാപിക<br><br>SRG<br><br>മലയാളം അധ്യാപിക | |

| | | | | |
|---|---|---|---|---|
| | 8. വായനാസാമഗ്രികൾ, ലഘുവായനാപുസ്തകം, പാത്രം, ക്ലാസ്സ്ലൈബ്രറി എന്നിവ വായനയ്ക്കായി നൽകൽ<br>9 വായനാകാർഡ് നൽകൽ<br>10. സ്വന്തമായി വായന<br>11. ചിത്ര നിഘണ്ടു<br>12. ചിത്ര നിഘണ്ടു നോക്കി വായിക്കൽ<br>13. ICT സാധ്യത പ്രയോജനപ്പെടുത്തൽ<br>14. BALA വർക്കുകൾ വായനസാമഗ്രികളാക്കുക<br>15. അർത്ഥപൂർണമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുന്നതിന്<br>16. ശ്രവ്യ വായനയിലൂടെ ഉച്ചാരണ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നു.<br>18. ചിഹ്നങ്ങളുടെ ഉച്ചാരണം മനസ്സിലാക്കുന്നത്.<br>19. ശ്രവ്യഉപാധികൾ ഉപയോഗപ്പെടുത്തുന്നു. (വായന, പ്രഭാഷണം എന്നിവ കേൾപ്പിക്കുന്നു)<br>20. മുൻകൂട്ടി പറയാതെയുള്ള പാഠപുസ്തകവായന<br>21. കഥവായിക്കൽ<br>22. ഡയറി, റിപ്പോർട്ട്, അറിയിപ്പ്, നോട്ടീസ് എന്നിവ ഉറക്കെ വായിക്കൽ<br>23. ഈണത്തിലും താളത്തിലും കവിത വായന<br>24. മലയാള വായനാമൂല മെച്ചപ്പെടുത്തുന്നു.<br>25. വായന പരിപോഷിപ്പിക്കുന്നതിനായി അമ്മ വായന, ആർക്കും വായിക്കാം എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ | മലയാളം അധ്യാപിക<br>SRG<br>മലയാളം അധ്യാപിക<br>SRG<br>മലയാളം അധ്യാപിക | |

| | | | | |
|---|---|---|---|---|
| | 7. സ്വന്തമായി സർഗാത്മകരചനകളിൽ ഏർപ്പെടാനുള്ള അവസരം.<br>8. ഡയറിക്കുറിപ്പ് എഴുതൽ<br>9. ജൈവവൈവിധ്യപാർക്കുമായി ബന്ധപ്പെടുത്തി വസ്തുക്കളുടെയും ജീവികളുടെയും പേര് രേഖപ്പെടുത്തൽ<br>10. മലയാളം ക്ലബ്ബുമായി ബന്ധപ്പെടുത്തി സ്വന്തമായി കഥ രചിക്കൽ<br>11. ലൈബ്രറി പ്രയോജനപ്പെടുത്തി വായനാക്കുറിപ്പ് തയ്യാറാക്കൽ<br>12. വായനാസാമഗ്രികൾ പ്രയോജനപ്പെടുത്തൽ<br>13. രചനകൾ പ്രസിദ്ധീകരിക്കൽ<br>(കുട്ടികളുടെ രചനകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ , ക്ലാസ്തലത്തിൽ രൂപപ്പെട്ടതും സ്വന്തമായി രചിച്ചതുമായ രചനകൾ സ്കൂൾതലത്തിൽ പ്രദർശിപ്പിക്കുന്നു.)<br>14. പതിപ്പുകൾ, മാഗസിനുകൾ എന്നിവ തയ്യാറാക്കൽ<br>15. രചനാ, ശില്പശാലകൾ (ക്ലാസ്തലത്തിൽ രൂപപ്പെട്ടതും സ്വതന്ത്രമായി രചിച്ചതുമായ രചനകൾ സ്കൂൾതലത്തിൽ നടത്തുന്ന ശില്പശാലയിൽ എഡിറ്റ് ചെയ്യൽ, സ്കൂളിലെ ചിത്രകാരന്മാരായ കുട്ടികൾക്ക് രചനകൾക്കനുസൃതമായി വരയ്ക്കുന്നതിനും അവസരം.<br>16. വിവരണങ്ങൾ തയ്യാറാക്കൽ<br>17. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>മലയാളം അധ്യാപിക<br>മലയാളം അധ്യാപിക<br>SRG<br>മലയാളം അധ്യാപിക<br>SRG<br>മലയാളം അധ്യാപിക | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മകരചനകളിൽ ഏർപ്പെടുത്തുവാൻ കുട്ടികൾക്ക് അവസരമൊരുക്കി രചനകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കൽ | **1. സർഗ ചുവർ**<br>(സ്കൂളിന്റെ ഓഫീസിനുമുൻവശത്തായി ചുവരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിനായി പ്രത്യേക സംവിധാനം ഒരുക്കുന്നു. കുട്ടികൾക്ക് അവർ രൂപപ്പെടുത്തുന്ന സർഗാത്മകസൃഷ്ടികൾ, കഥ, കവിത, ചിത്രം എന്നിവയെല്ലാം പ്രദർശിപ്പിക്കാം.)<br>**2. സ്കൂൾ ബ്ലോഗ്**<br>(കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂൾ ബ്ലോഗിനെ ഉപയോഗപ്പെടുത്തൽ. മികച്ച രചനകൾ, കുട്ടികൾവരച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കൽ)<br>**3. സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ**<br>(പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ, അവരുടെ വായനാനുഭവങ്ങളും എഴുത്തനുഭവങ്ങളും കുട്ടികളുമായി പങ്കുവയ്ക്കൽ, കുട്ടികൾക്ക് അവരുമായി സംസാരിക്കുന്നതിന് അവസരം.) | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **4. കഥയരങ്ങ്, കവിയരങ്ങ്**<br>(സ്കൂളിലെ കഥയെഴുത്തുകാർക്കും കവികൾക്കും സ്കൂളിൽ നടക്കുന്ന പൊതുചടങ്ങുകളിൽ നിശ്ചിതസമയം നൽകി അവരുടെ രചനകൾ അവതരിപ്പിക്കൽ.)<br>**5. രചനകൾ പ്രസിദ്ധീകരിക്കൽ**<br>(കുട്ടികളുടെ രചനകൾ അച്ചടിച്ച് സ്കൂൾ തലത്തിൽ നടത്തുന്ന ശില്പശാലയിൽ എഡിറ്റ് ചെയ്യൽ.)<br>**6. മികച്ച രചനകൾ ഒരുക്കൽ**<br>(ഒരു യൂണിറ്റിലെ സർഗ്ഗാത്മക രചനാസാധ്യതകൾ ഉൾപ്പെടുത്തി ക്ലാസ്മുറിയിൽ പ്രയോഗിക്കൽ , രചനകൾ ചേർത്ത് പതിപ്പാക്കൽ)<br>7. മലയാളം ക്ലബ്ബുമായി ബന്ധപ്പെടുത്തി കഥകൾ, കവിതകൾ രചിക്കൽ അവതരിപ്പിക്കൽ<br>8. സർഗവേളകൾ/ബാലസഭകൾശക്തിപ്പെടുത്തൽ<br>(ഇതിനായി വിദ്യാരംഗം ക്ലബ്ബ് രൂപീകരണം.<br>(ക്ലബ്ബ് അംഗങ്ങളെ തെരഞ്ഞെടുക്കൽ | | മലയാളം അധ്യാപിക<br><br>SRG<br><br>മലയാളം അധ്യാപിക | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | ക്ലബ്ബ് ഭാരവാഹികളെ തെരഞ്ഞെടുക്കൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ (ചുമതലാവിഭജനം)<br>9. ജൈവവൈവിധ്യപാർക്കുമായി ബന്ധപ്പെടുത്തുന്നു.(ജൈവ വൈവിധ്യപാർക്കുമായി ബന്ധപ്പെടുത്തി ചിത്രങ്ങൾ രചിക്കൽ നിറം നൽകുക) | മാർച്ച് | മലയാളം അധ്യാപിക<br>SRG<br>മലയാളം അധ്യാപിക | |

## പദ്ധതി വിശദാംശങ്ങൾ

**മേഖല – അക്കാദമികം** **ഉപമേഖല– ഇംഗ്ലീഷ് പഠന പരിപോഷണം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | പഠനനിലവാരം കണ്ടെത്തൽ-പ്രീടെസ്റ്റ് വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനപാക്കേജ് തയ്യാറാക്കുന്നു.<br>ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറിക്കുറുപ്പ്<br>ഇംഗ്ലീഷ് വായനാസാമഗ്രികൾ ക്ലാസ്സ് ലൈബ്രറിയിൽ സജ്ജീകരിക്കൽ<br>പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ<br>രചനാശില്പശാലകൾ<br>ഇംഗ്ലീഷ് നാടകം, സ്കിറ്റ്, റോൾപ്ലേ<br>ഇംഗ്ലീഷ് ഫെസ്ററ് | ജൂൺ | English Teacher<br>SRG<br>Class Teacher | PTA Fund |

**മേഖല - അക്കാദമികം** **ഉപമേഖല- ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാഫല പ്രദമായി വായിക്കുവാനുള്ള കഴിവ് | <u>പ്രവർത്തനം</u><br>1. പഠന നിലവാരം കണ്ടെത്തൽ (ഹ്രസ്വകാലം)<br>2. Reading Cards വായന<br>3. Picture dictionary നോക്കി വായിക്കൽ<br>4. ICT സാധ്യതയോടുകൂടിയ വായന<br>5. ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി അനുയോജ്യമായ രീതിയിൽ ഉപയോഗിക്കൽ<br>6. ഇംഗ്ലീഷ് അസംബ്ലി<br>7. ഇംഗ്ലീഷ് ഭാഷാ Language Lab (Phonetics) മായി ബന്ധപ്പെടുത്തിയുള്ള വായന<br>8. മാതൃകാവായന കേൾക്കൽ (കഥ, കവിതജീവചരിത്രം)<br>9. Bala Work വായന സാമഗ്രിയായി ഉപയോഗിക്കൽ<br>10. പത്രവായന, പ്രോത്സാഹിപ്പിക്കുക.<br>11. ഇംഗ്ലീഷ് ക്ലബ്ബുമായി ബന്ധപ്പെടുത്തി വായനാമത്സരം | ജൂൺ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG | |

**മേഖല - അക്കാദമികം** **ഉപമേഖല- ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | 12. ഇംഗ്ലീഷ് കോർണർ വായനയ്ക്കായി തയ്യാറാക്കുക. (ഓരോ ക്ലാസിനും അനുയോജ്യമായത്)<br>13. ഇംഗ്ലീഷിൽ വിവരണം (Discription) പറയിപ്പിക്കൽ<br>14. ഇംഗ്ലീഷിൽ കവിത (കൂട്ടിച്ചേർക്കൽ) പറയിപ്പിക്കൽ<br>15. ഇംഗ്ലീഷിൽ കഥാപൂരണം പറയിപ്പിക്കൽ<br>16. ഓരോ കുട്ടിക്കും ഓരോ ലാപ്ടോപ്പ് എന്ന സംവിധാനം തയ്യാറാക്കൽ<br>17. ജൈവവൈവിധ്യപാർക്കുമായി ബന്ധപ്പെടുത്തി കഥ,കവിത | ജൂൺ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG | പഞ്ചായത്ത് |

**മേഖല - അക്കാദമികം** **ഉപമേഖല- ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാഫല പ്രദമായി വായിക്കു വാനുള്ള കഴിവ് | <u>പ്രവർത്തനം</u><br>1. പഠന നിലവാരം കണ്ടെത്തൽ (എഴുതുന്നത്)<br>2. ചിത്രങ്ങളിൽ നിന്ന് ആശയം കണ്ടെത്തി പദങ്ങൾ , വാക്യങ്ങൾ ഇവ എഴുതുന്നതിന് തയ്യാറാക്കൽ<br>3. ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്<br>4. ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം<br>ക്ലബ്ബ് അംഗങ്ങളെ തിരഞ്ഞെടുക്കൽ, ഭാരവാഹികളെ തിരഞ്ഞെടുക്കൽ , പ്രവർത്തനങ്ങളെ ലിസ്റ്റ് ചെയ്യൽ , ചുമതലാവിഭജനം<br>5. രചനാപ്രവർത്തനങ്ങൾ (സ്റ്റോറി, പോയം, കോൺവർസേഷൻ, ഡിസ്ക്രിപ്ഷൻതയ്യാറാക്കൽ)<br>6. രചനാപ്രവർത്തനങ്ങൾ, മാഗസിനുകൾ, പതിപ്പുകൾ ഇവതയ്യാറാക്കൽ | ജൂൺ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | English Teacher SRG<br>English Teacher SRG<br>English Teacher SRG<br>English Teacher SRG, Club Convenor<br>English Teacher SRG, Club Convenor | |

**മേഖല - അക്കാദമികം** **ഉപമേഖല- ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗവേളകൾ (ഇംഗ്ലീഷ് ഫെസ്റ്റ്)<br><br>ക്ലാസ് മുറിയിൽ രൂപപ്പെട്ട ആവിഷ്ക്കാര പ്രകടിത രൂപങ്ങളുടെ അവതരണവേദിയായി ഇംഗ്ലീഷ് ക്ലബ്ബുകളുടെ മാറ്റങ്ങൾ | <u>പ്രവർത്തനം</u><br>1. ഇംഗ്ലീഷ് ഫെസ്റ്റ് അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ<br>2. നടത്തിപ്പുചുമതല പൂർണമായും കുട്ടികൾക്കു നൽകൽ<br>3. * ക്ലാസ് അടിസ്ഥാനത്തിൽ നടത്താൻ അവസരം ഒരുക്കൽ<br>4. ഡ്രാമ 5,6 ക്ലാസുകളിൽ പാഠാനുബന്ധമായും നടത്താൻ അവസരം ഒരുക്കൽ<br>5. സർഗ്ഗാത്മക രചനകളുടെ ആവിഷ്ക്കാര ഇംഗ്ലീഷ് ടെസ്റ്റ് നടത്തൽ<br>6. സ്കൂൾ ബ്ലോഗ്<br>കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂളിന്റെ ബ്ലോഗിനെ ഉപയോഗപ്പെടുത്തൽ, മികച്ച രചനകൾ, ചിത്രങ്ങൾ പ്രസിദ്ധീകരിക്കൽ | ജനുവരി<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | English Club cordinator<br><br>ക്ലാസ് അധ്യാപകർ<br><br>രക്ഷകർത്താക്കളുടെ പ്രതിനിധികൾ<br><br>സ്കൂൾ ഐറ്റി. ടീച്ചർ BRC ITI Cordinator | |

**മേഖല - അക്കാദമികം** **ഉപമേഖല- ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യൽ | <u>പ്രവർത്തനം</u><br>1. Public Speaking, Audio , Vedio സംവിധാനം ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ<br>2. News reading<br>3. Recitation<br>4. Speach | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | SRG /Eng.Tr. Club Convenor | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽശാസ്ത്ര കൗതുകംവളർത്തുക | ശാസ്ത്രമാജിക്കുകൾ<br>ശാസ്ത്രനാടകങ്ങൾ<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള തീം തെരഞ്ഞെടുക്കൽ<br>കുട്ടികളെ ഉൾപ്പെടുത്തിയുള്ള നാടകരചന<br>കഥാപാത്രങ്ങളെ നിശ്ചയിക്കൽ<br>നാടകാവതരണം<br>പരീക്ഷണ ഉപകരണങ്ങളുടെ നിർമ്മാണം<br>ശാസ്ത്രകൗതുകം ജനിപ്പിക്കുന്ന പ്രോജക്ടുകൾ, പരീക്ഷണങ്ങൾ എന്നിവ നൽകൽ<br>ശാസ്ത്രഗതി, ശാസ്ത്രകേരളം, യുറീക്ക, ശാസ്ത്ര കൗതുകം തുടങ്ങിയ മാനസികതയുടെ വായന പ്രോത്സാഹിപ്പിക്കൽ<br>ഫീൽഡ് ട്രിപ്പ്, പഠനയാത്പകൾ എന്നിവ സംഘടിപ്പിക്കൽ<br>ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് കുട്ടികൾ സ്വന്ത മായി അനിമേഡ് വീഡിയോസ് (സാസ്ത്രവുമായി ബന്ധപ്പെടുത്തി )നിർമ്മിക്കുന്നു. | ജനുവരി<br>മാർച്ച്<br>ജൂലൈ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ -മാർച്ച്<br>മാർച്ച് | SRG<br>SRG<br>ശാസ്ത്രാധ്യാപിക<br>ശാസ്ത്രാധ്യാപിക<br>SRG<br>ശാസ്ത്രാധ്യാപിക<br>SRG, PTA<br>SRG<br>ശാസ്ത്രാധ്യാപിക | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രക്ലബ്ബ് രൂപീകരണം<br>ശാസ്ത്രക്ലബ്ബ് അംഗങ്ങളെ തെരഞ്ഞെടുക്കൽ<br>ശാസ്ത്രക്ലബ്ബ് ഭാരവാഹികളെ തെരഞ്ഞെടുക്കൽ<br>ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ<br>ചുമതലാവിഭജനം<br>**പരീക്ഷണങ്ങൾ**<br>അഞ്ചുമുതൽ ഏഴ് വരെ ക്ലാസുകളിലെ പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>പരീക്ഷണ കലണ്ടർ തയ്യാറാക്കൽ<br>പരീക്ഷണസാമഗ്രികളുടെ ശേഖരണം<br>**പ്രോജക്ട് വർക്കുകൾ**<br>അഞ്ചുമുതൽ ഏഴ് വരെ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പ്രോജക്ടുകൾ | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ഒക്ടോബർ | ശാസ്ത്രാധ്യാപിക<br>ശാസ്ത്രാധ്യാപിക<br>ശാസ്ത്രാധ്യാപിക<br>ശാസ്ത്രാധ്യാപിക<br>ശാസ്ത്രാധ്യാപിക<br>ശാസ്ത്രാധ്യാപിക<br>SRG<br>SRG<br>ശാസ്ത്രാധ്യാപിക | |

മേഖല - അക്കാദമികം

ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **ശാസ്ത്ര അസംബ്ലി**<br>ശാസ്ത്രവാർത്തകൾ, ശാസ്ത്രക്വിസ്, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ശാസ്ത്രഅസംബ്ലി | ജനുവരി | SRG | |
| | **ദിനാചരണങ്ങൾ**<br>ശാസ്ത്രവുമായി ബന്ധപ്പെടുത്തിയുള്ള പരിസ്ഥിതി ദിനം, ശാസ്ത്രജ്ഞന്മാരുടെ ജന്മദിനങ്ങൾ, ശാസ്ത്രദിനം , ഹിരോഷിമാദിനം, ഹൃദയദിനം, രക്തദാനദിനം, ലഹരിവിരുദ്ധദിനം, സമുദ്രദിനം, പ്രകൃതിദിനം, പക്ഷിനിരീക്ഷണദിനം തുടങ്ങിയ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ്, പതിപ്പ്, നിർമ്മാണം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഉന്നതനിലവാരമുള്ള വിദേശപഠനസ്ഥാപനങ്ങളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുമായുള്ള അഭിമുഖങ്ങൾ | ജൂൺ | SRG, PTA | |
| | IT സാധ്യത ഉപയോഗിച്ചുള്ള ശാസ്ത്രക്ലാസുകൾ | ജൂൺ-മാർച്ച് | ജൂലൈ | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | നിലവിലുള്ള ഉപകരണങ്ങൾ ലിസ്റ്റുചെയ്യൽ<br>ആവശ്യമുള്ള ഉപകരണങ്ങൾ ലിസ്റ്റുചെയ്യൽ<br>ലബോട്ടറി എയർകൺഡീഷൻസ് ആക്കുന്നു.<br>രണ്ടുകുട്ടികൾക്ക് ഒരു മൈക്രോസ്കോപ്പ് എന്ന സംവിധാനമൊരുക്കുന്നു.<br>പക്ഷിനിരീക്ഷണത്തിനായി ബൈനോക്കുലർ ഉറപ്പാക്കുന്നു.<br>വാനനിരീക്ഷണലാബ് സജ്ജമാക്കുന്നു.<br>ടെലസ്കോപ്പിന്റെ സഹായത്തോടെ വാനനിരീക്ഷണം<br>വിവിധതരം ജന്തുജാലങ്ങൾ , സസ്യങ്ങൾ എന്നിവയുടെ സ്പെസിമൻസ് ഉൾപ്പെടുത്തി ലാബ് നവീകരണം | ജൂൺ<br>ജൂൺ<br>മാർച്ച്<br>ജൂൺ<br>മാർച്ച്<br>മാർച്ച് | SRG, ശാസ്ത്രാധ്യാപിക<br>SRG/HM, PTA,<br>PTA/HM/SRG<br>SRG/HM ശാസ്ത്രാധ്യാപിക<br>PTA/HM, SRG<br>PTA/HM, SRG | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | SRG, ശാസ്ത്രാധ്യാപിക | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്നു തരംതിരിക്കൽ | ജൂൺ | ശാസ്ത്രാധ്യാപിക | |
| | സാമഗ്രികൾവാങ്ങൽ, ശേഖരണം | ജൂൺ | SRG | |
| | പരീക്ഷണസാമഗ്രികളുടെ നിർമ്മാണ ശില്പശാല | | | |
| | ശാസ്ത്രമൂലയ്ക്ക് ആവശ്യമായ ക്രമീകരണം (അലമാര) | | SRG ശാസ്ത്രാധ്യാപിക | |
| | ശാസ്ത്രമൂലയിലേക്ക് ആവശ്യമായ ക്രമീകരണം | ജൂൺ | | |
| | ശാസ്ത്രമൂലയിലേക്ക് പുസ്തകങ്ങൾ (ക്ലാസ് നിലവാരത്തിലുള്ളത്)ശേഖരിക്കൽ | ജൂൺ-ആഗസ്റ്റ് | SRG ശാസ്ത്രാധ്യാപിക | |
| | ശാസ്ത്രമൂലയിലുള്ള സാമഗ്രികൾ/പുസ്തകങ്ങൾ എന്നിവ പാഠഭാഗവുമായി ബന്ധപ്പെടുത്തൽ | ജൂൺ-മാർച്ച് | SRG ശാസ്ത്രാധ്യാപിക | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്രപോഷണപരിപാടികൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | <u>ജൈവവൈവിധ്യ പാർക്ക് നിർമ്മാണം</u><br>ജൈവവൈവിധ്യ പാർക്കിനായി സ്ഥലം കണ്ടെത്തൽ<br>പാർക്കിലേക്കാവശ്യമായ സസ്യങ്ങൾ ശേഖരിക്കൽ<br>സസ്യങ്ങളെ വൻമരങ്ങൾ, ചെറിയമരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധികൾ എന്നിങ്ങനെയും പൂച്ചെടികൾ, ഔഷധസസ്യങ്ങൾ എന്നിങ്ങനെയും തരംതിരിക്കൽ<br><br>പാർക്കിലേക്ക് കുളം,ഹാങ്ങിങ്ങ് ഗാർഡൻ, എന്നിവ സജ്ജമാക്കുന്നു.<br><br>നക്ഷത്രവനം സജ്ജീകരിക്കുന്നു.ശലഭോദ്യാനം ക്രമീകരിക്കുന്നു.<br>പഠനനേട്ടങ്ങളെ ജൈവവൈവിധ്യപാർക്കുമായി ബന്ധിപ്പിക്കുന്നു. | ഒക്ടോബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ-<br>മാർച്ച് | SRG, കുട്ടികൾ HM<br><br>SRG, കുട്ടികൾ<br><br>HM, SRG<br><br>HM , SRG<br><br>ശാസ്ത്രാധ്യാപിക | BRC<br><br>BRC |

**മേഖല - അക്കാദമികം** **ഉപമേഖല- സാമൂഹ്യശാസ്ത്രം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ♦ ആൽബനിർമ്മാണം<br>♦ ചരിത്ര സ്മാരകങ്ങൾ<br>♦ സൗരയുഥം<br>♦ നാണയങ്ങളുടെ ശേഖരണം<br>♦ സ്റ്റാമ്പുകളുടെ ശേഖരണം<br>♦ വിത്തിനങ്ങളുടെ ശേഖരണം<br>♦ സ്വാതന്ത്ര സമരസേനാനികളുടെ ചിത്രശേഖരണം<br>♦ വിവിധ ഭരണകാലഘട്ടങ്ങളിലെ ഭൂപടങ്ങളുടെ ശേഖരണം<br>♦ വിവിധ കലാരൂപങ്ങൾ<br>♦ വിവിധ തൊഴിൽമേഖലകൾ | ആഴ്ചയിലൊരിക്കൽ | S.S Club | 1000/- |
| | ♦ സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | ജൂലൈ | SRG<br>S.S Club | |

**മേഖല - അക്കാദമികം** **ഉപമേഖല- സാമൂഹ്യശാസ്ത്രം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ . ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | July | SRG<br>S.S Club | |
| സാമൂഹ്യശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ ഭൂമിയുമായി ബന്ധപ്പെട്ട സ്റ്റിൽ ആന്റ് വർക്കിംഗ് മോഡൽ തയ്യാറാക്കൽ | August | S.S Club | 1000/- |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | ഫീൽഡ് ട്രിപ്പുകളുടെ സംഘടനം ചരിത്ര സ്മാരകങ്ങൾ, പ്ലാനട്ടേറിയം തുടർവായനയ്ക്കാവശ്യമായ സോഷ്യൽ ലൈബ്രറി സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ Etc. ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര. | September | SRG<br>S.S Club | 2000<br>സ്പോൺസർഷിപ്പ് |

**മേഖല - അക്കാദമികം** **ഉപമേഖല- സാമൂഹ്യശാസ്ത്രം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്രവായനാ കോർണർ ഒരുക്കൽ | July | SRG<br>S.S Club | 5000 |
| സാമൂഹിക ശാസ്ത്രഅറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദവസവും | S.S Club | 1000/- PTA |
| പ്രതിഭകൾക്ക് വിദഗ്ധപരിശീലനവും ക്ലാസുകളും നൽകൽ | സാമൂഹ്യശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസം | SRG | 3000/- |
| സാമൂഹ്യസേവനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | | | S.S Club | 10000/- |

| മേഖല - അക്കാദമികം | | ഉപമേഖല- സാമൂഹ്യശാസ്ത്രം | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ബ്ലോഗ് | ജീവിതനിലവാരം വളരെ താഴ്ന്നവർക്ക് ഭക്ഷണ വിതരണം , ശുചിത്വനിവാരണപദ്ധതികൾ , ബോധവത്ക്കരണസംഘടിപ്പിക്കൽ<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട കുട്ടിക ളുടെ മികച്ച സൃഷ്ടികൾ, സ്കൂൾ ബ്ലോഗിൽ ഉൾപ്പെടുത്തുക | 1 Month | വിദ്യാരംഗം | 5000/- |

| മേഖല - അക്കാദമികം | | ഉപമേഖല- ലബോറട്ടറി ആധുനീകരിക്കൽ | | |
|---|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ലബോറട്ടറിയുടെ നിലവിലുള്ള അവസ്ഥ വാങ്ങേണ്ട സാധനങ്ങൾ /നിലവിലുള്ള സാധന ങ്ങൾ എന്നിങ്ങനെ ലിസ്റ്റ് ചെയ്യുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് അധ്യാപകർ | |
| | SMC യിൽ ചർച്ച | Monthly One | PTA SMC | |
| | ലബോറട്ടറിക്കായി പ്രത്യേക റൂം സജ്ജീകരി ക്കൽ | One Yr. | | LSGD MLA |

**മേഖല - അക്കാദമികം** **ഉപമേഖല- ജൈവവൈവിധ്യപാർക്ക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.വിദ്യാലയം ഒരു പാഠപുസ്തകമാക്കുക<br>2. കുട്ടികളിൽ പ്രകൃതിസ്നേഹം സസ്യ പരിപാലമം എന്നിവയിൽ താൽപ്പര്യം വളർത്തുക<br>3. പഠന പ്രവർത്തനങ്ങളെ പ്രകൃതിയുമായി ബന്ധപ്പെടുത്തുക.<br>4. പ്രകൃതി സൗഹൃദ വിദ്യാലയം എന്ന സങ്കൽപ്പംയാഥാർത്ഥ്യമാക്കുക.<br>5. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | ജൈവവൈവിധ്യപാർക്ക് രൂപകൽപ്പന ചെയ്യുന്നു.<br>ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു.<br>ജൈവവൈവിധ്യ ഉദ്യാനമായി ബന്ധപ്പെടുത്തി വിവിധ വിഷയങ്ങൾക്ക് നൽകാവുന്ന പഠനപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. | ജൂൺ | സയൻസ് ക്ലബ്ബ് , കൺവീനർ<br>SRG കൺവീനർ | SSA<br>LSGD<br>PTA |
| | ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം - (ഒന്നാംഘട്ടം)<br>സസ്യവൈവിധ്യം പരിഗണിച്ച് പ്രാദേശിക മായി ലഭ്യമാകുന്ന സസ്യങ്ങൾ നടൽ<br>ഔഷധത്തോട്ട നിർമ്മാണം<br>ശളഭോദ്യാന നിർമ്മാണം<br>കൃഷിത്തോട്ടം<br>ജലസംരക്ഷണസംവിധാനങ്ങൾ ഒരുക്കൽ<br>മണ്ണ് സംരക്ഷണ സംവിധാനങ്ങൾ ഒരുക്കൽ<br>മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കൽ<br>വേനൽപ്പച്ചയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂലൈ-സെപ്റ്റംബർ | SRG കൺവീനർ<br>സയൻസ് അധ്യാപകർ | |

**മേഖല - അക്കാദമികം** **ഉപമേഖല- ജൈവവൈവിധ്യപാർക്ക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ജൈവവൈവിധ്യ ഉദ്യാനനിർമ്മാണം<br>(രണ്ടാംഘട്ടം)<br>ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ<br>ആവാസ വ്യവസ്ഥകൾ ഒരുക്കാൻ<br>പക്ഷികളെ ആകർഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കൽ<br>ജൈവവേലികൾ<br>നക്ഷത്രവനം നിർമ്മാണം<br>ഔഷധ സസ്യത്തോട്ടം<br>ശലഭപാർക്ക്<br>പൂന്തോട്ടം | ഒക്ടോബർ,<br>ഡിസംബർ | സയൻസ്<br>അധ്യാപകർ<br>എസ്.ആർ.ജി.<br>കൺവീനർ | SSA<br>LSGD<br>PTA |

മേഖല – അക്കാദമികം

ഉപമേഖല– ഭിന്നശേഷിക്കാർക്കായുള്ള പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടി വിഷയബന്ധിതമായി എസ്.ആർജിയിൽ ചർച്ച ചെയ്യുന്നു.<br><br>ബി.ആർ.സി , റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>പഠന പ്രവർത്തനങ്ങൾ ക്കനുയോജ്യമായ ക്ലാസ് മുറികൾ കണ്ടെത്തുന്നു.<br>പഠനസൗകര്യങ്ങൾ ഒരുക്കുന്നു.<br><br>പ്രഗത്ഭരുടെ സേവനം ലഭ്യമാക്കൽ | ജൂൺ മുതലുള്ള തുടർച്ചയായ പ്രവർത്തനം | എസ്.ആർ.ജി.<br>സി.റ്റി | SSA<br>LSGD<br>സന്നദ്ധസംഘടനകൾ |

**മേഖല - അക്കാദമികം** **ഉപമേഖല- ഭിന്നശേഷിക്കാർക്കായുള്ള പഠനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുക. | ജൂൺ- ആഗസ്റ്റ് | PTA SMC | 500000 |
| | അധ്യാപകരെ ഐ.റ്റി. വിദഗ്ധരാക്കുക | | | |
| | മുടക്കമില്ലാത്ത വൈദ്യുതി ലഭ്യതയ്ക്ക് സോളാർ സംവിധാനം സജ്ജമാക്കുക. | | HM, SMC, SRG | |
| | ലാപ്ടോപ്പ്, എൽ.സി.യജി. പ്രോജക്ടർ, സ്ക്രീൻ, പ്രിന്റർ , ക്യാമറ എന്നിവ സജ്ജീകരിക്കുക. | 1 വർഷം | SMC | |
| | എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഐ.ററി. വിഭവശേഖരം ഉണ്ടാക്കൽ | | SRG TEACHERS | |
| | ഐ.റ്റി അധിഷ്ഠിത വിഷയപഠനരീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കും വിധം | | | |

**മേഖല - അക്കാദമികം** **ഉപമേഖല- കായികം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | യോഗ-കായിക പരിശീലകരെ കണ്ടെത്തുക.<br>പരിശീലനത്തിനുള്ള സ്ഥലം ഒരുക്കുക.<br>സാമ്പത്തികം കണ്ടെത്തൽ<br>യോഗക്ലബ്ബുകളുമായി ബന്ധപ്പെടുക<br>കായിക-യോഗപരിശീലത്തിനുള്ള ഷെഡ്യൂൾ തയ്യാറാക്കുക | 1 മാസം | SMC, PTA, HM, SRG | പൂർവ്വവിദ്യാർത്ഥികൾ സന്നദ്ധസംഘടനകൾ<br><br>PTA, SMC, SSG |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഞ്ചു മുതൽ ഏഴുവരെ ക്ലാസു കളിലെ ഗണിത പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാക്ലാസിലും ഗണിതമൂല ഉറപ്പാക്കൽ | അഞ്ചുമതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠനത്തിന് സഹായകരമായ ഗണിതമൂലയിൽ ഉണ്ടായിരിക്കേണ്ട വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ ഗണിതലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ<br>സാമഗ്രികൾ വാങ്ങൽ<br>ജാമിതീയ അന്തരീക്ഷം ക്ലാസ് റൂമിയലും സ്കൂൾ കോമ്പൗണ്ടിലും സൃഷ്ടിക്കുക.<br>തറയിലെ ടൈൽസിൽ ഗണിത പാറ്റേൺ നിർമ്മിക്കുക.<br>ഓരോ കുട്ടിയ്ക്കും വളരുന്ന ദണിതപ്പെട്ടി തയ്യാറാക്കുക. | ജൂൺ<br>ജൂൺ<br>ജൂലൈ | ക്ലാസ് അധ്യാപകർ<br>SRG<br>SRG<br>HM, SRG<br>PTA<br>ക്ലാസ് അധ്യാപകർ | 10000 |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗണിതത്തിൽ താല്പര്യം സൃഷ്ടിക്കുക. | പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മിതവുകളും പരിമിതികളും കണ്ടെത്തുന്നു.)<br><br>പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ<br><br>വ്യത്യസ്തകളികൾ, പാട്ടുകൾ ഗണിതത്തോട് താൽപ്പര്യം ജനിപ്പിക്കത്തക്കവിധം കളികൾ, പാട്ടുകൾ-ക്ലാസ്തലം.<br><br>ഗണിതക്ലബ്ബ് രൂപീകരണം<br>5,6 ക്ലാസ്സ് വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി ഗണിതക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ | ഗണിതാധ്യാപിക | |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിൽ സഹായകമാകണം. | ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ തലത്തിൽ ഗണിതപാട്ടുകളും ഗണിതകേളികളും സംഘടിപ്പിക്കുന്നു.<br><br>എണ്ണൽസംഖ്യകളെ വ്യാഖ്യാനിക്കാനും ക്രിയകൾ ചെയ്യാനും അവ ഉപയോഗപ്പെടുത്തി പ്രശ്നപരിഹരണം നടത്താനും കുട്ടിയെ പ്രാപ്തനാക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br><br>അഞ്ച്, ആറ് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഒരക്ക, രണ്ടക്ക സംഖ്യകളുടെ സങ്കലനം , വ്യവകലനം എന്നീ ക്രീയകൾ ഉറപ്പിക്കുന്നു. 6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ചതുഷ്ക്രിയകൾ എല്ലാം ചെയ്യാനും സമയബന്ധിതമായി പ്രാപ്തരാക്കുന്നു. | ജൂലൈ | ക്ലാസ്ടീച്ചർ, ഗണിത ക്ലബ്ബ്, കൺവീനർ, അംഗങ്ങൾ<br>എസ്.ആർ.ജി | |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വിവിധതരം സംഖ്യാപാറ്റേണുകൾ അവയുടെ പ്രത്യേകതകൾ ഇവ കുട്ടികൾക്ക് വ്യാഖ്യാനിച്ച് മനസ്സിലാക്കികൊടുക്കുന്നു. ഒന്ന്, രണ്ട് ക്ലാസ്സുക ളിൽ സങ്കലനം , വ്യവകലനം എന്നിവയുമായി ബന്ധപ്പട്ട പാറ്റേണുകളും 5,6 ക്ലാസ്സുകളിൽ ഗുണ നം, ഹരണം, വിവിധ ഗണിതരൂപങ്ങൾ എന്നിവ ഉൾപ്പെട്ട പാറ്റേണുകളും പരിചയപ്പെടുന്നു. ക്ലാസ്സുകളിൽ എഴുതി പ്രദർശിപ്പിക്കുന്നു. കൂടാതെ സംഖ്യാപ്രത്യേകതകൾ, എണ്ണൽ വിദ്യ കൾ എന്നിവയുടെ അടിസ്ഥാനധാരണകളും പരിചയപ്പെടുത്തുന്നു. | ഓഗസ്റ്റ് | ഗണിതാധ്യാപിക<br>എസ്.ആർ.ജി | |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | മതിച്ചുപറയൽ, സ്ഥൂല ഗണനം, പരസ്പരബന്ധം കണ്ടെത്തൽ, യുക്തിയും, കാര്യകാരണബന്ധവും കണ്ടെത്തി വിശദീകരിക്കുന്നതിനുള്ള ശേഷി , വസ്തുതകൾ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നതിനുള്ള കഴിവ്, പ്രശ്നപരിഹരണത്തിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം സ്വീകരിക്കൽ, ദൃശ്യവൽക്കരണത്തിനുള്ള കഴിവ് സൃഷ്ടിപരത തുടങ്ങിയ ഗണിതശേഷികൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. ഐ.സി.ടി. സാധ്യതകളും ഗണിത ലൈബ്രറിയും പ്രയോജനപ്പെടുത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ | അതാത് ക്ലാസിലെ ഗണിതാധ്യാപകർ | |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഗണിതലാബ് , ഗണിതലൈബ്രറി, ഐ.സി.ടി. എന്നിവ പ്രയോജനപ്പെടുത്തുവാനുള്ള അവസരങ്ങൾ നൽകുന്നു. എല്ലാ ക്ലാസ്സിലും ഗണിതമൂലകൾ സജ്ജീകരിക്കുന്നു. സ്കൂൾ ലൈബ്രറിയുടെ ഒരു ഭാഗം ഗണിതപുസ്തകങ്ങൾ ശേഖരിച്ചുകൊണ്ട് ഗണിത ലൈബ്രറിയാക്കി മാറ്റുന്നു.<br>സ്വയം പഠനത്തിനും സഹപഠനത്തിനും ഉള്ള അവസരങ്ങൾ ഒരുക്കിക്കൊണ്ട് ഗണിതലാബ് സജ്ജമാക്കുന്നു. കുട്ടികളുടെ പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ ഇവിടെ പ്രദർശിപ്പിക്കുന്നു. ലഭ്യമായ ചിലവ് കുറഞ്ഞ വസ്തുക്കളും പാഴ് വസ്തുക്കളും ഉപയോഗിച്ച് കുട്ടികളും അധ്യാപകരും സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പും ചേർന്ന് ഉണ്ടാക്കുന്നതും ശേഖരിക്കുന്നതുമായ ഉൽപ്പന്നങ്ങൾ ഗണിത ലാബിൽ പ്രദർശിപ്പിക്കാവുന്നതാണ്.<br><br>Geogibra .യിലൂടെ ഉള്ള പഠനം കാര്യക്ഷമമാക്കുന്നു. | | | |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | മെട്രിക് മേളകൾ സംഘടിപ്പിക്കുന്നു.<br><br>ഗണിതോത്സവം നടത്തുന്നു. (സ്കൂൾതലം)<br><br>മാന്ത്രിക ചതുരം നിർമ്മിക്കുന്നു. (ഓരോ ക്ലാസിലേയും പഠന നേട്ടങ്ങൾക്കനുസരിച്ച്<br><br>മെട്രിക്മേള നടത്തുന്നതിലൂടെ വിവിധതരം അള h pl Ä (cm, m m.lm lit., gm, kgm തുടങ്ങിയവ കുട്ടികൾക്ക് കൂടുതൽ വ്യക്തമാകുന്നു. | നവംബർ<br><br>ഡിസംബർ | | |

**മേഖല - അക്കാദമികം** **ഉപമേഖല- ഗണിതശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വിവരണാത്മക ചോദ്യങ്ങൾ നൽകുകവഴി കുട്ടി ചോദ്യം വിശകലനം ചെയ്ത് എന്താണ് കണ്ടെത്തേണ്ടത് , എങ്ങനെ കണ്ടെത്താം, എന്നൊക്കെ തിരിച്ചറിയുന്നു. ക്ലാസിൽ പാഠാനുബന്ധപ്രവർത്തനങ്ങളായും ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തലും ഇത്തരം പ്രവർത്തനങ്ങൾ സംഘടിക്കുന്നു.<br><br>ഗണിതമാഗസിൻ നിർമ്മാണം ഗണിത നിഘണ്ടു, നിർമ്മാണം, ജ്യോമെട്രിക് ചാർട്ട് , നമ്പർചാർട്ട് പസ്സിൽ , സ്റ്റിൽ മോഡൽ നിർമ്മാണം. | ജനുവരി-<br>ഫെബ്രുവരി | ഗണിതാധ്യപകർ<br>SRG<br>ഗണിതക്ലബ്ബ് കൺവീനർ | |

**മേഖല - അക്കാദമികം** **ഉപമേഖല- സെമിനാറുകൾ/അഭിമുഖങ്ങൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | SRG യിൽ ചർച്ചചെയ്യുന്നു. സെമിനാറിന്റെ വിഷയങ്ങളെയും അഭിമുഖം നടത്തേണ്ട വ്യക്തികളേയും തീരുമാനിക്കുന്നു. (പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി)<br>തീയതികൾ നിശ്ചയിക്കുന്നു.<br>അഭിമുഖം നടത്തേണ്ട വ്യക്തികളുമായി ആശയവിനിമയം നടത്തുന്നു.<br>കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.<br>നടപ്പിലാക്കേണ്ട തീയതികൾ നിശ്ചയിക്കുന്നു. | ജൂൺ-മാർച്ച് | വിഷയാധ്യാപകർ<br>SRG<br>PTA | PTA |

**മേഖല - അക്കാദമികം** **ഉപമേഖല- പഠനയാത്രകൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പഠനയാത്രകളുമായി ബന്ധപ്പെട്ട് SRG കൂടുന്നു.<br>പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട് സന്ദർശിക്കേണ്ട സ്ഥലങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>SMC, PTA എന്നിവയിൽ ചർച്ച ചെയ്ത് അനുമതി തേടുന്നു.<br>വിദ്യാഭ്യാസവകുപ്പിന്റെ അനുമതിതേടുന്നതിനുള്ള നടപടിക്രമങ്ങൾ നടത്തുന്നു.<br>ഉൾപ്പെടുത്തേണ്ട PTA, SMC അംഗങ്ങളെ നിശ്ചയിക്കുന്നു.<br>കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. തീയതി നിശ്ചയിക്കുന്നു. | ജനുവരി | HM, SRG കൺവീനർ<br>SMC, PTA | PTA |

**മേഖല - അക്കാദമികം** **ഉപമേഖല- ക്ലാസ് പിടിഎ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | SRG യിൽ ചർച്ച | | | |
| | കുട്ടികളുമായി ആലോചന | | | |
| | CPTA യിൽ അവതരിപ്പിക്കേണ്ട ഇനങ്ങൾ തീരുമാനിക്കുന്നു. | | SRG കൺവീനർ Teachers | |
| | ക്ഷണക്കത്ത് തയ്യാറാക്കുന്നു. | | | |
| | രജിസ്ട്രേഷൻ സംവിധാനങ്ങൾ | | | |
| | കുട്ടികളുടെ അവതരണം | | | |
| | ടീച്ചർ ട്രൈ ഔട്ട് ക്ലാസ്സ് സംഘടിപ്പിക്കുന്നു. | | | |
| | രക്ഷകർത്താക്കളുമായി ചർച്ച | | | |
| | പിൻതുണാമേഖലകളെയും തുടർ പ്രവർത്തനങ്ങളെയും കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നു | | | |

**മേഖല - അക്കാദമികം** **ഉപമേഖല- ടാലന്റ് ലാബ്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കൽ- പ്രസംഗം, രചന, സംഗീതം, ചിത്രകല....<br>മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും അമഭിരുചി കണ്ടെത്തുന്നു.<br>ക്ലാസ്ടീച്ചേഴ്സും വിവിധ വിഷയാധ്യാപകും ചേർന്ന് ഇത് നിർണ്ണയിക്കുന്നു.<br>സമാന അഭിരുചിഉള്ളവരെ ചേർന്ന് ടാലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.<br>ഓരോ ഗ്രൂപ്പ് നടത്തിപ്പിനുംകമ്മിറ്റികൾ രൂപീകരിക്കുന്നു.<br>എത്രകാലയളവിലേക്ക് എന്ന് തിട്ടപ്പെടുത്തി പരിപാടി രൂപപ്പെടുത്തുന്നു.<br>പരിശലനത്തിന് വിദഗ്ധരെ കണ്ടെത്തുന്നു. പരിശീലനത്തിനുള്ള ടൈംടേബിൾ രൂപീകരിക്കുന്നു.<br>ആവശ്യമായ ഉപകരണങ്ങൾ മറ്റ് ചിലവുകൾ എന്നിവയ്ക്കുള്ള സാമ്പത്തികസ്രോതസ്സുകൾ കണ്ടെത്തുന്നു. നാലുമണിക്ക് ശേഷമോ ഒഴിവുദിവസങ്ങളിലോ പരിശീലനം നടത്തുന്നു. | | ക്ലാസ് അധ്യാപകർ<br>SRG കൺവീനർ<br>SMC<br>PTA | |

**മേഖല - അക്കാദമികം** **ഉപമേഖല- ഭാഷാശേഷി വികസനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | Pre-Test അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം-അടിക്കുറുപ്പ്<br>ചിത്രം- കഥപറയൽ<br>ചിത്രം-കഥ എഴുതൽ<br>കഥബാക്കി എഴഉതൽ<br>കഥാപുസ്തകം നൽകൽ | രണ്ട് മാസം<br>ജൂലൈ ആഗസ്റ്റ് | BRC<br>DIET<br>PTA<br>MPTA | |

# അക്കാദമിക് പ്ലാൻ- അറബിക്

| കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **അറബിക് മധുരം :**<br>ലക്ഷ്യം : അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br>ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൽ ചെയ്ത അക്ഷര ഗൈമുകൾ നൽകുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്തി അറബിക് മധുരം ക്ലാസ് നൽകുക<br><br>**2. സ്കൂൾ ബ്ലോഗ്**<br>(കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂൾ ബ്ലോഗിനെ ഉപയോഗപ്പെടുത്തൽ. മികച്ച രചനകൾ, കുട്ടികൾവരച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കൽ) | രണ്ട് മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | BRC<br>DIET<br>പൂർവ്വ വിദ്യാർത്ഥികൾ |

| മേഖല - അക്കാദമികം | | ഉപമേഖല- ഹിന്ദി പോഷണപരിപാടി | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| | എല്ലാ കുട്ടികൾക്കും ഹിന്ദിയിലുള്ള തിരിച്ചറിയൽ കാർഡ് നൽകൽ എല്ലാ കുട്ടികൾക്കും പേര്, സ്കൂൾ, ക്ലാസ്, വിലാസം ഉൾപ്പെടുത്തിയ കാർഡ് ഹിന്ദിയിൽ നൽകുന്നു.<br><br>ആഴ്ചയിൽ ഒരു ഹിന്ദി വാക്ക് ഹിന്ദി അസംബ്ലി<br>ഹിന്ദി ക്ലാസ് ലൈബ്രറി<br>ഹിന്ദി പ്രശ്നോത്തരി<br><br>പാഠഭാഗങ്ങൾ ഐ.സി.റ്റി സഹായത്തോടെ ലളിതമാക്കുന്നു. പ്രധാനപ്പെട്ടവ ഡിറ്റിപി തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയും അവരവരുടെ വിശേഷപ്പെട്ട ഒരു ദിവസത്തെ ഡയറി എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു.<br>ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>ദിനാചരണങ്ങൾ | 6 മാസം | ഹിന്ദി അധ്യാപകർ<br>Hindi club | |

**മേഖല - അക്കാദമികം** **ഉപമേഖല- ഹിന്ദി പോഷണപരിപാടി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ യൂണിറ്റിലും നേടേണ്ട പഠന നേട്ട ങ്ങൾ എല്ലാ കുട്ടി കളും നേടിയെന്ന് ഉറപ്പാക്കുന്നു. | ഹിന്ദിയിൽ ഹിന്ദി വർക്ക്ഷീറ്റ് ,നിർമ്മാണം. ഹിന്ദി നാടകം, റോൾപ്ലേ, കയ്യെഴുത്ത് മാസിക | 2 മാസം | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദിഭാഷാപഠന ത്തിലൂടെ കുട്ടി കൾക്ക് ഭാഷയോ ടുള്ള സ്നേഹം വളർത്തിയെടുക്കുക | ഹിന്ദി വർക്ക് ഷീറ്റ് നിർമ്മാണം, ഡയറി, പ്രശ്നോത്തരി, വർത്തകൾ കേൾക്കാനുള്ള അവസരം സിനിമ കാണാനുള്ള അവസരം , ക്വിസ്പ്രോഗ്രാം ഹിന്ദി കവിതകൾ, ഓഡിയോ കേൾക്കാനുള്ള അവസരം | | | |

**മേഖല - അക്കാദമികം** **ഉപമേഖല- ശാസ്ത്ര പോഷണപരിപാടി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഞ്ചുമുതൽ ഏഴു വരെ ക്ലാസ്സുകളിലെ ശാസ്ത്രപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സുകളിലും ശാസ്ത്രമൂല ഉറപ്പാക്കൽ | ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ . തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, പരീക്ഷണ സാമഗ്രികൾ എന്നിവ ലിസ്റ്റ് ചെയ്ത് ശേഖരിക്കുന്നു.<br><br>പിറ്റിഎയിൽ ശാസ്ത്രമൂല പ്രവർത്തനങ്ങളുടെ അവതരണം.<br><br>സാസ്ത്രപഠന സാമഗ്രികളുടെ നിർമ്മാണശില്പശാല സംഘടിപ്പിക്കൽ<br>ശാസ്ത്രമൂല സജ്ജീകരണം<br>പരീക്ഷണ ശില്പശാല<br>ശാസ്ത്രക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | സയൻസ് ക്ലബ്ബ് കൺവീനർ, എസ്. ആർ.ജി<br>ക്ലാസ് അധ്യാപകർ | പി.റ്റി.എ |

## ഭൗതികം

| വിഷയം | നിലവിലുള്ള അവസ്ഥ | മെച്ചപ്പെടുത്തിയ പ്രവർത്തനങ്ങൾ | Funding | പിന്തുണാസംവിധാനം |
|---|---|---|---|---|
| HM ROOM | ഉണ്ട് | ടൈൽ പാകി മോടി പിടിപ്പിക്കണം | | |
| Class Rooms | 11 ക്ലാസ് മുറികൾ ഉണ്ട് | 5 ക്ലാസ്മുറികൾ കൂടി വേണം | | |
| കുടിവെള്ളം | കിണർ ഉണ്ട് വേനൽക്കാലത്ത് ജല ക്ഷാമം അനുഭവപ്പെടുന്നു. | കുഴൽകിണർ സ്ഥാപിക്കണമെന്ന് ഉദ്ദേശിക്കുന്നു. | | |
| കുട്ടികളുടെ പാർക്ക് | ഇല്ല | കുട്ടികളുടെ പാർക്ക് നിർമ്മിക്കണം. | | |
| പൊതുപരിപാടികളും വാർഷികവും നടത്തുന്നതിനുള്ള സൗകര്യം | ആഡിറ്റോറിയം ഇല്ല | ആഡിറ്റോറിയം നിർമ്മിക്കണം. | | |
| ലൈബ്രറി പുസ്തകങ്ങൾ | \ nehne p- v | ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കണം | | |
| സ്മാർട്ട് ക്ലാസ് റൂം | k amnÀ«v¢ mk vdqw C Ã | എല്ലാ ക്ലാസ് മുറികളും സ്മാർട്ടാക്കണം | | |
| ഇൻഡോർസ്റ്റേഡിയം | C Ã | ബാഡ്മിന്റൺ, നെറ്റ്ബാൾ, ബാസ്ക്കറ്റ്അ ബോൾ എന്നിവയ്ക്കാവശ്യമായ കോർട്ട് നിർമ്മാണം. | | |

| ഭൗതികം | | |
|---|---|---|
| വിഷയം | നിലവിലുള്ള അവസ്ഥ | മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ |
| വൈദ്യുതി സൗകര്യം | ഉണ്ട്, ത്രീഫെയ്സ് കണക്ഷനുള്ള വയറിംഗ് നടത്തിയിട്ടുണ്ട്. | ത്രീ ഫെയ്സ് കണക്ഷൻ സ്ഥാപിക്കണം |
| ലൈബ്രറി | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. | കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കണം |
| ലാബ് | ഇല്ല | സയൻസ് ലാബ്, ഗണിതലാബ്, ലാംഗ്വേജ് ലാബ്, എന്നിവ സജ്ജീകരിക്കണം. |
| ഡൈനിംഗ്ഹാൾ | ഇല്ല | ഡൈനിംഗ് ഹാൾ നിർമ്മിക്കണം |
| മാലിന്യസംസ്ക്കരണ സംവിധാനം | അല്ല | മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കണം. |

**മേഖല – സാമൂഹികം** D] ŧaɗ e þ **SMc, PTA, CPTA, SSG ശാക്തീകരണം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പി.റ്റി.എ , എസ്.എസ്.ജി. എന്നിവയ്ക്ക് രക്ഷിതാക്കളുടെ യോഗങ്ങൾ വിളിക്കുന്നു.<br><br>പി.റ്റി.എ , എസ്.എസ്.ജി. എന്നിവയുടെ കമ്മിറ്റിയിലേക്കാവശ്യമായ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. പ്രസിഡന്റ് സ്ഥാനത്തേക്ക് പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു. നടപ്പുവർഷത്തിൽ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ചചെയ്ത് ലിസ്റ്റ് ചെയ്യുന്നു. | വർഷം മുഴുവൻ | | |

## പ്രതീക്ഷിത നേട്ടങ്ങൾ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| പ്രീടെസ്റ്റ് | വാചികം, എഴുത്ത്, എന്നിവയിലൂടെ ഓരോ വിഷയത്തിലെയും പ്രതീക്ഷിത നിലവാരപഠനം | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചേഴ്സ് |
| പ്രീടെസ്റ്റ് ഫലവിശകലനവും തുടർപ്രവർത്തന ആസൂത്രണവും | ക്ലാസ് അധ്യാപകർ പ്രീടെസ്റ്റ് ഫലം അവതരിപ്പിക്കുന്നു. തുടർ പ്രവർത്തനവും ആസൂത്രണം ചെയ്യുന്നു. | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചേഴ്സ് എസ്.ആർ.ജി |
| പരിഹാര ബോധന പ്രവർത്തനങ്ങൾ | പ്രവർത്തനാധിഷ്ഠിതരീതിയിൽ റ്റി.എൽ.എം. തയ്യാറാക്കുന്നു. പ്രതികരണം റിഫ്ളക്ഷൻ നോട്ട് എന്നിവ എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു.ക്ലാസ്മുറിയിൽഭിന്നതല പ്രവർത്തനം ഉറപ്പുവരുത്തുന്നു. വർക്ക് ഷീറ്റ്, വായനാസാമഗ്രി എന്നിവ തയ്യാറാക്കുന്നു. | അധ്യയനവർഷം മുഴുവൻ | പരിഹാര ബോധന പ്രവർത്തനങ്ങൾ |
| യൂണിറ്റ് അസ്സസ്മെന്റ് | ഓരോ പാഠം കഴിയുമ്പോഴും നേടേണ്ട മൂല്യങ്ങൾ നേടിയിട്ടുണ്ടോ എന്നുള്ള വിലയിരുത്തൽ തുടർ പ്രവർത്തനം ആസൂത്രണം ചെയ്യൽ | | എസ്.ആർ.ജി |

## പ്രതീക്ഷിത നേട്ടങ്ങൾ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| പോർട്ട്ഫോളിയോ വിലയിരുത്തൽ | നിശ്ചിത സൂചകങ്ങൾക്കനുസരിച്ച് നോട്ടുബുക്കുകൾ വിലയിരുത്തൽ | പ്രതിമാസം | അധ്യാപകർ |
| ടേം മൂല്യനിർണ്ണയം | സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരപേപ്പറുകൾ വിശകലനം ചെയ്ത് തുടർപ്രവർത്തനം ആസൂത്രണം ചെയ്യൽ | ടേം പരീക്ഷയ്ക്ക് ശേഷം | അധ്യാപകർ |
| CWSNകുട്ടികളുടെ പഠനശേഷി ഉറപ്പുവരുത്തൽ | പഠനപ്രവർത്തനങ്ങൾ അനുരൂപീകരണം നടത്തി നടപ്പിലാക്കൽ, വ്യക്തി അധിഷ്ഠിത പഠനം ഉറപ്പാക്കൽ, സ്പെഷ്യൽ എഡ്യുക്കേറ്ററുടെ സഹായം തേടൽ | അധ്യയനവർഷം മുഴുവൻ | അധ്യാപകർ |

# മോണിറ്ററിംഗ്

വിദ്യാലയത്തിൽ അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ മേഖലകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ അവലോകനം നടത്തി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ശരിയായ രീതിയിൽ ഇവ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരുന്നതിലാണ് ആ പ്ലാനിംഗിന്റെ വിജയം. ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ട പ്രവർത്തന രീതിയിൽ വിശദീകരിച്ചിട്ടുണ്ട്. എ ന്നാൽ ഇവയെ പൂർണ്ണരീതിയിൽ എത്തിച്ച് യാഥാർത്ഥ്യമാക്കണമെന്നുണ്ടെങ്കിൽ ശരിയായ മോണിറ്ററിംഗ് ആവശ്യമാണ്. പ്രവർത്തനങ്ങളെ തരംതിരിച്ച് ആവശ്യമായ സമയം എത്രയെന്ന് ഉറപ്പാക്കി തീരുമാനിച്ച കാലയളവിൽ തന്നെ പ്രവർത്തനങ്ങൾ പൂർത്തിയാക്കണം.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കേണ്ടത് ഓരോ വിദ്യാലയത്തിന്റെയും കടമയാണ്. അതിൽ നിർണ്ണായകമായ പങ്ക് വഹിക്കേണ്ടത് അധ്യാപകരും . കുട്ടികളുമായി നേരിട്ട് സംവദിക്കുന്ന ക്ലാസ്മുറികളാണ് ഉന്നതനിലവാരത്തിന്റെ പ്രതിഫലനം ഉണ്ടാക്കേണ്ടത്. സമൂഹം ഒരു വിദ്യാലയത്തിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കുന്നു. അവരുടെ പ്രതീക്ഷയ്ക്കപ്പുറമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മാത്രമേ പൊതുസമൂഹത്തിന്റെ മതിപ്പും വിശ്വാസവും പിൻതുണയും ആർജ്ജിക്കാനാവൂ. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ രൂപകൽപ്പനചെയ്ത് പ്രാവർത്തികമാക്കിയെങ്കിൽ മാത്രമേ ഈ ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ. ഓരോ കുട്ടിയുമായും അത്മബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ട് കൊണ്ട് പരമാവധി വികസനത്തിലേക്ക് ഈ വിദ്യാലയം എത്തപ്പെടാൻ ഈ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു.



ശ്രീ ചിത്തിര വിലാസം യു.പി.സ്കൂൾ.
സ്ഥാപിതം-1921
ചവറ ഉപജില്ല.
SCVUPS
MYNAGAPPALLY